# നടത്തിപ്പു

ഞങ്ങൾ ആസ്ട്രേലിയയിൽ ആയിരുന്നപ്പോൾ, പരിവർത്തനം ചെയ്യപ്പെട്ട അവിടെയുള്ള ഒരു കുടുംബം കുറെ നാൾ വിശ്വസ്തരായിരുന്നു, എന്നാൽ വെക്കേഷൻ ബൈബിൾ സ്കൂളിനുശേഷം അവർ ആരാധനക്കു വരാതെയായി. അതെന്തുകൊണ്ടാണെന്നു ഞങ്ങൾ ചെന്നു ചോദിച്ചപ്പോൾ, അവർ പറഞ്ഞു, **"**ഞങ്ങൾ ആദ്യം നിങ്ങളോടൊപ്പം ആരാധനക്കുവന്നുതുടങ്ങിയപ്പോൾ, വിചാരിച്ചത് നിങ്ങൾ ഒരു ചെറിയ കൂട്ടം ക്രിസ്ത്യാനികൾ ദൈവത്തെ ആരാധിക്കുന്നവർ എന്നാണ്. എന്നാൽ വിബിഎസിൽ വച്ച് വിവരണങ്ങൾ, ക്ലാസുകൾ, ഉപദേഷ്ടാക്കന്മാർ, പരിപാടികൾ, എന്നിവ എല്ലാം കൊണ്ടും, നിങ്ങൾ സംഘടിതരാണെന്ന് ഞങ്ങൾക്കു മനസ്സിലായി. ഞങ്ങൾ അതൊന്നുമല്ല പ്രതീക്ഷിച്ചത്.**"**

സംഘടിക്കുന്നതിൽ വചന വിരുദ്ധമായി ഒന്നുമില്ല. സൃഷ്ടിയുടെ വിവരം തന്നെ സംഘടിപ്പിക്കുന്നതിനെ കുറിച്ചുള്ളതാണ്: ദൈവം ആറു ദിവസം അതിനായി ഉപയോഗിച്ചു. ഓരോ ദിവസത്തേയും സൃഷ്ടി അതിനു മുൻപുള്ള സൃഷ്ടിയെ അടിസ്ഥാനപ്പെടുത്തിയും അതു പിന്നീടുള്ള സൃഷ്ടിയിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നു. മറ്റു ബൈബിൾ ഉദാഹരണങ്ങളും നാം കാണുന്നു: സിനായി പർവ്വതത്തിൽ നിന്നു വാഗ്ദാന ദേശത്തേക്കു യിസ്രായേൽ പോകുവാൻ തയ്യാറായപ്പോൾ, അവർ തങ്ങളുടെ യാത്ര എങ്ങനെ സംഘടിപ്പിക്കണം എന്നു അവരെ വ്യക്തമായി നിർദ്ദേശിച്ചിരുന്നു (സംഖ്യാ പുസ്തകം 1–10; പ്രവൃത്തികൾ 6:1–6 നോക്കുക).

സംഘടിപ്പിക്കുന്ന പദ്ധതി ദൈവം ഉപയോഗിച്ചതുകൊണ്ടു, സഭ അതിന്റെ ലക്ഷ്യപ്രാപ്തിക്കായി സംഘടിച്ചു പ്രവർത്തിക്കാത്തതിനാൽ സഭയിൽ പ്രശ്നങ്ങൾ ഒന്നിനൊന്നു വർദ്ധിച്ചുകൊണ്ടിരിക്കുന്നതു ദൈവത്തിന് ഒരുപക്ഷെ പ്രസാദകരമല്ലാതാകും. ലക്ഷ്യ പ്രാപ്തിക്കായി സംഘടിക്കുന്നതാണ് നടത്തിപ്പിന്റെ ഒരു പ്രവൃത്തി. മൂപ്പന്മാരടക്കമുള്ള – സഭാദ്ധ്യക്ഷന്മാർക്ക് മാത്രമല്ല, സഭയുടെ പല ശുശ്രൂഷകൾ ഏൽപ്പിച്ചിരിക്കുന്ന മറ്റുള്ളവർക്കും – നടത്തിപ്പു നിപുണതകൾ ആവശ്യമാണ്. ഒരു മൂപ്പനുവേണ്ട യോഗ്യതകൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഒന്നു തിമൊ

ഥെയൊാസ് 3:4, 5–ൽ: “അയാൾ സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുന്നവനും, മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം (തന്റെ സ്വന്ത കുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ, ദൈവ സഭയെ എങ്ങനെ പരിപാലിക്കും?).”

നാലു നിപുണതകളെ ഈ പാഠത്തിൽ ചർച്ച ചെയ്യുന്നു: ആലോചന, സംഘടിക്കൽ, ഭരണം, വിലയിരുത്തൽ എന്നിവയാണവ.

### ആലോചന

സഭാദ്ധ്യക്ഷന്മാർ – സഭയുടെ ലക്ഷ്യം തീരുമാനിച്ചശേഷം, എന്നാൽ ആ ലക്ഷ്യങ്ങൾ പ്രവൃത്തിപഥത്തിൽ ആക്കുന്നതിനുമുൻപു – ഇടവകയുടെ പ്രവൃത്തികളെ സംബന്ധിച്ച് വിശദമായ ആലോചനകൾ നടത്തേണ്ടതുണ്ട്.

വളരെ മുൻപുതന്നെ ബിസിനസ് പദ്ധതികൾ തയ്യാറാക്കുന്നു; “ഈ ലോകത്തിലെ ഏറ്റവും വലിയ ജോലിയായ,” കർത്താവിന്റെ വേലയിൽ ഏർപ്പെട്ടിരിക്കുന്നവരും, ഭാവിയെ പറ്റി ആലോചിക്കേണ്ടേ? ഒരു ഇടവകയെ ആലോചനയില്ലാതെ നയിക്കുന്നതു ഭൂപടം നോക്കാതെ അല്ലെങ്കിൽ എവിടേക്കു പോകുന്നു എന്ന ധാരണയില്ലാതെ യാത്ര ചെയ്യുന്നതുപോലെയിരിക്കും. ബൈബിൾ ചിത്രീകരണങ്ങളെ ഉപയോഗിക്കുന്നതു, ഒരു മനുഷ്യൻ വീടു പണിയുവാൻ തുടങ്ങിയിട്ടു പണി തീർക്കുവാൻ മതിയായ സാധനങ്ങൾ ഇല്ലാതിരിക്കുന്നതുപോലെയാണ് അല്ലെങ്കിൽ ജയിക്കുവാൻ വേണ്ടത്ര പടയാളികൾ കൂടാതെ രാജാവു യുദ്ധത്തിനു പോകുന്നതുപോലെയിരിക്കും (ലൂക്കൊസ് 14:28–32).

#### ലക്ഷ്യങ്ങൾ നേടുവാൻ

ആലോചനയിൽ ഉൾപ്പെടുന്നവരുടെ മനസ്സിൽ സഭയുടെ ലക്ഷ്യങ്ങൾ ഉണ്ടാവണം. ആലോചിക്കുന്നതു എന്തായാലും സഭയുടെ ലക്ഷ്യങ്ങൾ നേടുവാൻ സഹായകരമാകണം.

തീർച്ചയായും, ലക്ഷ്യം – വെക്കലും ആലോചനയും തമ്മിൽ ഒരടുത്ത ബന്ധം ഉണ്ടാകണം – പ്രത്യേകിച്ചു ലക്ഷ്യം പ്രാവർത്തികമാക്കുന്നതും അല്ലെങ്കിൽ ലക്ഷ്യവും ആലോചനയും നടപ്പാക്കുന്നതും തമ്മിലും അടുത്ത ബന്ധം ഉണ്ടായിരിക്കണം. ആലോചനയിൽ ലക്ഷ്യം നടപ്പാക്കലിനെ കുറിച്ചുള്ള പ്രത്യേക വിശദാംശങ്ങൾ അടങ്ങിയിരിക്കുന്നതിലാണ് രണ്ടും തമ്മിലുള്ള വ്യത്യാസം. തീരുമാനമെടുത്തു കഴിഞ്ഞാൽ, ഉദാഹരണത്തിനു, “ഓരോ സന്ദർശകനെയും സന്ദർശിക്കുക,” പിന്നെ അതു “ലക്ഷ്യപ്രാപ്തി” ആയി തീരുന്നു. അതെങ്ങനെയാണ് നേടി എടുക്കേണ്ടത്? “നാം എങ്ങനെ സന്ദർശകരുടെ പേരുകൾ ശേഖരിച്ചു അവരെ പോയി കാണും?”; “ആരാണ് സന്ദർശനം നടത്തുക?”; കൂടാതെ “അതെപ്പോഴാണ് നടത്തേണ്ടത്?” എന്നീ ചോദ്യങ്ങൾ ആലോചനയിൽ അറിയിക്കുന്നു.

#### ഇടവകയുടെ പ്രത്യേക ആവശ്യങ്ങൾ നേടി എടുക്കൽ

ആലോചനയിൽ *ഒരു പ്രത്യേക ഇടവകയുടെ* സാധ്യതകളും, വീക്ഷ

ണങ്ങളും, പ്രത്യേക അവസരങ്ങളും, പ്രശ്നങ്ങളും ഉൾപ്പെട്ടിരിക്കുന്നു. പലപ്പോഴും, മറ്റു ഇടവകകളിൽ ഫലപ്രദമായി തെളിഞ്ഞ പരിപാടികൾ തങ്ങളുടെ സാഹചര്യത്തിനു യോജിക്കുമോ ഇല്ലയോ എന്നു നോക്കാതെ സഭാദ്ധ്യക്ഷന്മാർ പകർത്താറുണ്ട്. ഉദാഹരണത്തിനു, അമേരിക്കയിൽ ഉപ യോഗിച്ച പല പ്രോഗ്രാമുകളും, മാറ്റം വരുത്താതെ, മറ്റു രാജ്യങ്ങളിൽ ഉപയോഗിക്കുന്നതു അനുയോജ്യമല്ല എന്നു, അമേരിക്കയ്ക്കു പുറ ത്തുള്ള സഭാദ്ധ്യക്ഷന്മാർ മനസ്സിലാക്കേണ്ടതുണ്ട്.

**ഫലങ്ങളെ മുൻകാണൽ**

അദ്ധ്യക്ഷന്മാർ കഴിവതും അവരുടെ ആലോചനകളുടെ ഫലങ്ങൾ മുൻകാണുവാൻ ശ്രമിക്കണം. അവർ ആഗ്രഹിച്ചതു ചെയ്യാത്തതുകൊ ണ്ടല്ല, പല ആലോചനകളും പ്രയാസത്തോടെ നീങ്ങുവാൻ കാരണം, എന്നാൽ അവർ ആഗ്രഹിച്ച ഫലങ്ങൾക്കു എതിരായ ഫലങ്ങൾ പുറ പ്പെടുവിച്ചതുകൊണ്ടാണ്. ഇടവകയിലെ അദ്ധ്യക്ഷന്മാർ അവർ ഉണ്ടാ ക്കുന്ന ഏതു പദ്ധതികളുടെയും ഫലം മുൻകാണുവാൻ ശ്രമിച്ചാൽ, ഉപദ്രവകരമായ ഫലങ്ങളെ നീക്കുവാനും നല്ല ഫലങ്ങളെ ഉയർത്തു വാനും കഴിയും.

## സംഘടിപ്പിക്കൽ

പദ്ധതികൾ തയ്യാറാക്കി കഴിഞ്ഞാൽ, സഭാദ്ധ്യക്ഷന്മാർ ആ പദ്ധതികൾ നടപ്പിലാക്കുവാൻ വേണ്ട സംഘടിപ്പിക്കൽ നടത്തേണ്ടതുണ്ട്.

**"അതു-നിസാരമായി-സൂക്ഷിക്കുന്ന" നിയമം**

അദ്ധ്യക്ഷന്മാർ ജോലി സംഘടിപ്പിക്കുമ്പോൾ, "അതു - നിസാര മായി സൂക്ഷിക്കുന്ന" നിയമം അവർ ഓർമ്മിക്കണം: സഭയിൽ, ചുരു ങ്ങിയ സംഘടനയാണ്, ഏറ്റവും നല്ലത്. അതു തൃപ്തികരമായി ചെയ്തു കഴിഞ്ഞിട്ടുണ്ടെങ്കിൽ, അതിനെ അങ്ങനെ വിട്ടേക്കുക. ഒരു പ്രവൃത്തി ചെയ്യാതിരിക്കുമ്പോൾ അല്ലെങ്കിൽ തൃപ്തികരമായി ചെയ്തിട്ടില്ലെങ്കിൽ അതു സംഘടിപ്പിക്കേണ്ടത് ആവശ്യമാണെന്നു പ്രവൃത്തികൾ 6-ൽ നിന്നു നമുക്കു തീർച്ചയാക്കാം.

**"ശരിയായി-അതു-ചെയ്യുന്ന" നിയമം**

ഇടവകയുടെ ലക്ഷ്യങ്ങൾ നേടി എടുക്കുവാൻ സംഘടിപ്പിച്ച ഒരു പ്രോഗ്രാം ആവശ്യമാണെങ്കിൽ - ഉദാഹരണത്തിനു, ഒരു സന്ദർശന പ്രോഗ്രാം നടപ്പാക്കുവാൻ, മറ്റൊരു നിയമം പ്രാബല്യത്തിൽ വരുന്നു: "അതു ചെയ്യുന്നതു വിലയുള്ളതാണെങ്കിൽ, ശരിയായി ചെയ്യുന്നതിനു വിലയുണ്ട്."

*മുൻകൂട്ടി പദ്ധതി തയ്യാറാക്കുവാനും ഒരുക്കം നടത്തുവാനും അദ്ധ്യ ക്ഷന്മാർ തയ്യാറാവണം.* പ്രോഗ്രാമിന്റെ ആശയത്തിനും അതു നടപ്പിൽ വരുത്തുന്നതിനും ഇടയ്ക്കു ധാരാളം സമയം അനുവദിക്കണം - അതു ശ്രദ്ധയോടെ പദ്ധതി ആവിഷ്ക്കരിക്കുവാനും അതിന്റെ ഒരുക്കത്തിനു മാണ്. ഏതെല്ലാം തീയതികളിൽ ഒരുക്കം പൂർത്തിയാക്കണം എന്നതിനു

ഒരു കാര്യ പരിപാടി തയ്യാറാക്കുന്നതു ബുദ്ധിയായിരിക്കും. ഉദാഹരണത്തിനു, സഭ ഒരു സുവിശേഷയോഗം നടത്തുവാൻ ഉദ്ദേശിക്കുന്നു എന്നിരിക്കട്ടെ, ഒരു വർഷം മുൻപു തന്നെ വിളിക്കേണ്ട പ്രാസംഗികനെയും നടത്തേണ്ട തീയതിയും തീരുമാനിക്കയും, മൂന്നു മാസം മുൻപു അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങുകയും, മീറ്റിങ്ങിന് ഒരു മാസം മുൻപു പ്രത്യേക പ്രാർത്ഥന, സന്ദർശനം, പരസ്യം എന്നിവയും നടത്തണം. കാര്യപരിപാടികളിൽ ഓരോ ഉത്തരവാദിത്വങ്ങൾ ഏല്പിക്കുന്നവരുടെ പേരും ഉൾപ്പെടുത്തണം.

*പ്രോഗ്രാം എന്തായാലും, അതു വിജയിക്കേണ്ടതിനു അതു അഭിവൃദ്ധിപ്പെടുത്തുകയും, പ്രചാരം നടത്തുകയും, വിജ്ഞാപനം നടത്തുകയും വേണം.* പുരോഗതി സൂചിപ്പിക്കുന്നതു അംഗങ്ങളെ ഉൾപ്പെടുത്തുവാനുള്ള പരിശ്രമത്തെയാണ്. സംഘടിപ്പിക്കപ്പെട്ട പ്രോഗ്രാമുകൾ പൊതു അറിയിപ്പുകളിലൂടെയും, പോസ്റ്ററുകളിലൂടെയും, എഴുത്തുകളിലൂടെയും, പ്രത്യേക പ്രസംഗങ്ങളിലൂടെയും പാഠങ്ങളിലൂടെയും, പരസ്യബോർഡുകളിലൂടെയും, അഭിവൃദ്ധിപ്പെടുത്താം. നമുക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, അഭിവൃദ്ധിപ്പെടുത്തൽ ആവശ്യമാണ്.

പ്രാദേശിക മാദ്ധ്യമത്തിലൂടെ പ്രോഗ്രാമിന്റെ പ്രചാരം നടത്താവുന്നതാണ് - വർത്തമാനപത്രം, റേഡിയോ, ടെലിവിഷൻ, മുതലായവ സ്വീകരിക്കാം. പലപ്പോഴും, വാർത്താമാധ്യമങ്ങൾ സമൂഹത്തിലെ ആളുകളുടെയും സഭയുടെയും ഭാവിയെ സംബന്ധിക്കുന്ന കാര്യങ്ങൾ പരസ്യപ്പെടുത്തുവാൻ ഉത്സുകരായിരിക്കും. സമയവും താലന്തുമുള്ള ആർക്കെങ്കിലും പുതിയ വാർത്താ സംഭവങ്ങൾ തയ്യാറാക്കി കൊടുക്കാം.

സഭയുടെ പ്രോഗ്രാമുകൾ പൊതുജനം അറിയുന്നതിനുവേണ്ടി ചെലവഴിക്കുന്ന പണവും അതിൽ നിന്നു അവർക്ക് നേട്ടം കൈവരിക്കുവാൻ പ്രോത്സാഹനം നൽകുന്നതുമായി ബന്ധപ്പെട്ടതാണ് പരസ്യങ്ങൾ. ദീർഘമായ തിരക്കിനിടയിലും, "ഫലപ്രദമായ പരസ്യപ്പെടുത്തൽ ചെലവു വരുന്നതല്ല; അതു തിരിച്ചു തരുന്നതാണ്" എന്നു, സഭാദ്ധ്യക്ഷന്മാർ തിരിച്ചറിയണം.

*മതിയായ സംഘടിപ്പിക്കൽ നല്കേണ്ട ഉത്തരവാദിത്വം അദ്ധ്യക്ഷന്മാർക്കാണ്.* എത്രത്തോളം സംഘടിപ്പിക്കൽ ആവശ്യമാണ് എന്ന് അവർ ആദ്യം തീരുമാനിക്കണം. ആരാണ് അതിന്റെ മേൽനോട്ടം വഹിക്കുക എന്നതിനേക്കാൾ കൂടുതൽ മൂപ്പന്മാരിൽ നിന്നു ആവശ്യപ്പെടുകയില്ല. ഒരു പ്രോഗ്രാം ഫലപ്രദമായി തീരുന്നതിനു സംഘടിപ്പിക്കലിനപ്പുറത്ത് ഒരുപക്ഷെ ആവശ്യമായിരിക്കാം. പ്രോഗ്രാമിന്റെ ഉത്തരവാദിത്വമുള്ള വ്യക്തി, മറ്റു കാര്യങ്ങളോടൊപ്പം, താഴെ പറയുന്നവ കൂടെ ചെയ്യണം: പ്രോഗ്രാമിൽ ചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്നത് ചെയ്യേണ്ടതിന് ഏറ്റവും മികച്ചതും ഫലപ്രദവുമായ രീതി (കൾ) നടപ്പിലാക്കണം. പ്രോഗ്രാമിനു സഹായിക്കേണ്ടവരെ തിരഞ്ഞെടുത്തു പരിശീലിപ്പിക്കണം. ജോലിക്കാരെ എല്ലാം വിളിച്ചുകൂട്ടിയുള്ള ചർച്ചക്കു സമയം കണ്ടെത്തണം. പരിശ്രമങ്ങളുടെ അവസാനം അത്രയും ചെയ്തതു വിജയമായിരുന്നോ അതോ പരാജയമായിരുന്നോ എന്ന്, മീറ്റിങ്ങിനു മുൻപു തന്നെ വിലയിരുത്തുവാനുള്ള മാർഗ്ഗങ്ങൾ തീരുമാനിക്കണം.

*ശ്രേഷ്ഠത കൈവരിക്കുവാൻ എല്ലാ ക്രിസ്ത്യാനികളെയും പ്രോത്സാഹിപ്പിക്കണം.* ജോലി നയിക്കുന്നവർക്കു അതിന്റെ ശ്രേഷ്ഠത ഉറപ്പു വരുത്തുവാൻ കഴിയണം. ഇടവക ഒരു സുവിശേഷ യോഗത്തിനു പദ്ധതിയിട്ടാൽ, ഏറ്റവും നല്ല സ്ഥലവും കെട്ടിടവും ലഭ്യമാകണം, നല്ല പ്രസംഗവും കഴിവതും നല്ല പാട്ടുകളും ഉണ്ടാവണം, അവരുടെ കഴിവനുസരിച്ചുള്ള നല്ല പരസ്യവും ഏർപ്പെടുത്തണം. എല്ലാവരും ശ്രേഷ്ഠത അഭിനന്ദിക്കുന്നു. "ഏറ്റവും നല്ല" ത്യാഗമാണ് ദൈവം തന്റെ ജനത്തിൽ നിന്നും എല്ലായ്പ്പോഴും പ്രതീക്ഷിക്കുന്നത് എന്നത്, ഒരുപക്ഷെ ഏറ്റവും പ്രധാന്യമുള്ളതാണ്. ഇന്നു ദൈവത്തിന്റെ സഭയ്ക്കായുള്ള നമ്മുടെ പ്രവൃത്തി നമുക്കു ചെയ്യാവുന്നതിൽ "ഏറ്റവും നന്നായി" രിക്കേണ്ടതല്ലേ?

*സംഘടിപ്പിക്കുന്നവർക്കു അതിന്റെ അവസാനം കാണുവാൻ കഴിയണം.* പ്രോഗ്രാം ദുർബ്ബലമാകാനും ക്ഷയിക്കുവാനും സാധ്യതയുണ്ടെന്നു അതു സംഘടിപ്പിക്കുന്നവർ അറിയണം. ഒരു ഇടവക മടിച്ചു തങ്ങളുടെ പരിശ്രമത്തിൽ നിന്നു പിൻമാറിയാൽ, ഫലം പരാജയവും നിരാശയുമായിരിക്കും.

ശ്രേഷ്ഠമായ വഴി വേറെ ഉണ്ടോ? അദ്ധ്യക്ഷന്മാർക്കു സഹായകരമായ രണ്ടു നിർദ്ദേശങ്ങൾ ഇതാ: (1) പ്രോഗ്രാം നീട്ടിക്കൊണ്ടു പോകാതെ താല്ക്കാലികമായി തയ്യാറാക്കി അവസാനിപ്പിക്കുക. (2) ഒരു പ്രോഗ്രാമും വിശുദ്ധമല്ല എന്നോർക്കുക. മനുഷ്യന്റെ "പ്രോഗ്രാമുകളെ" ദൈവവചനവുമായി തുലനം ചെയ്യാവുന്നതല്ല. ഒരു പരിശ്രമം വിജയിച്ചില്ലെങ്കിൽ, അതിൽ പരാജയമോ നിരാശയോ തോന്നാതെ, അതിനു പകരം മറ്റൊന്നു തയ്യാറാക്കണം. പൊതുവിൽ, ഇടവകകൾ തങ്ങളുടെ പ്രോഗ്രാമുകൾ – വേണ്ടെന്നു മാറ്റിവയ്ക്കുകയും, കൂട്ടിച്ചേർക്കപ്പെടുകയും, അല്ലെങ്കിൽ കാലാകാലങ്ങളിൽ പുതുക്കപ്പെടുകയും – ചെയ്യുന്നതിലൂടെ അവയിൽ മാറ്റം ഉണ്ടാകുമെന്നു പ്രതീക്ഷിക്കണം.

### നിർവ്വഹിക്കൽ

കർത്താവിന്റെ സഭയുടെ വേലക്കായി ഒരിക്കൽ പദ്ധതി തയ്യാറാക്കുകയും സംഘടിപ്പിക്കയും ചെയ്താൽ, അതു നടക്കുന്നുണ്ടോ ഇല്ലയോ എന്നു ആരെങ്കിലും നോക്കണം: അതിനെയാണ് കാര്യ "നിർവ്വഹണം" എന്നു പറയുന്നത്.

കാര്യ നടത്തിപ്പു മൂപ്പന്മാർ മറ്റുള്ളവരെ ഏല്പിക്കുന്നതായിരിക്കും നല്ല ആശയം, അങ്ങനെ അവർക്കു കൂടുതൽ പ്രാധാന്യമുള്ള കാര്യങ്ങൾ ആയ – പ്രാർത്ഥന, വചനശുശ്രൂഷ, ആത്മാക്കളെ കുറിച്ചുള്ള കരുതൽ എന്നിവയിൽ ശ്രദ്ധിക്കുവാൻ കഴിയും. എങ്കിലും, മൂപ്പന്മാർക്കു പ്രത്യേക കാര്യങ്ങളിൽ ചിലപ്പോൾ പ്രത്യേക താലന്തുകളും, താല്പര്യങ്ങളും, അല്ലെങ്കിൽ പരിശീലനവും ഉണ്ടാവാം – ഉദാഹരണമായി ബൈബിൾ സ്കൂളിനെ സംബന്ധിച്ച്, അല്ലെങ്കിൽ, ദൗത്യങ്ങളിൽ, അല്ലെങ്കിൽ പ്രസംഗത്തിലും ഉപദേശത്തിലും (1 തിമൊഥെയൊസ് 5:17), അതുമല്ലെങ്കിൽ നിർമ്മാണജോലികളിൽ പ്രാവീണ്യം ഉണ്ടായിരിക്കാം – ഇവയൊക്കെ അവരെ ചില പ്രത്യേക കാര്യപരിപാടികൾക്ക് സ്വാഭാവിക

മായി തിരഞ്ഞെടുക്കുവാൻ പ്രാപ്തരാക്കും. ഈ വിഷയങ്ങളിലെല്ലാം, ഒരു മൂപ്പൻ പ്രത്യേകമായ ഒരു ജോലിയെ നയിക്കാം, അതു അയാൾ മൂപ്പൻ ആയതുകൊണ്ടല്ല, പിന്നെയോ ദൈവം ആ കഴിവു അയാൾക്കു കൊടുത്തിട്ടുള്ളതുകൊണ്ടാണ്.

### നിയോഗിക്കലിന്റെ വില

പൊതുവിൽ, സഭയെ നയിക്കുന്നവർ വ്യത്യസ്തമായ പ്രോഗ്രാമുകളുടെ ഉത്തരവാദിത്വം അംഗങ്ങളെ ഭരമേല്പിക്കയാണ് വേണ്ടത്. അത്തരം നിയോഗിക്കൽ തങ്ങളിൽ തന്നെ അമിതഭാരം വരുന്നതു ഒഴിവാക്കും; ദൈവം അവർക്കു ചെയ്യുവാൻ നല്കിയ കാര്യങ്ങളിൽ അവർക്കു ശ്രദ്ധ ചെലുത്തുകയുമാവാം. രാവിലെ മുതൽ വൈകുന്നേരം വരെ തന്റെ മരു-മക-നായ മോശെ ജനത്തെ വിധിച്ചുകൊണ്ടിരുന്നതു കണ്ട യിത്രോ, പറഞ്ഞു, **"**നീ ചെയ്യുന്ന കാര്യം നന്നല്ല. നീയും നിന്നോടുകൂടെയുള്ള, ഈ ജനവും ക്ഷീണിച്ചുപോകും, ഈ കാര്യം നിനക്കു അതിഭാരമാകുന്നു; ഏകനായി അതു നിവർത്തിപ്പാൻ നിനക്കു കഴിയുന്നതല്ല**"** (പുറപ്പാട് 18:17, 18). പിന്നെ സഹായിക്കുന്നതിനു മറ്റുള്ളവരെ നിയോഗിപ്പാൻ അവൻ മോശെയെ ഉപദേശിച്ചു, ഫലത്തിൽ, അവൻ ജനത്തെ വിധിക്കുന്ന പ്രവൃത്തിയിൽ അവനെ സഹായിക്കുന്നതിനു മറ്റുള്ളവരെ നിയോഗിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. (പ്രവൃത്തികൾ 6:3, 4 നോക്കുക.) ആ നിയോഗിക്കൽ പിന്നെ അദ്ധ്യക്ഷന്മാർ, ഉൾപ്പെടുന്ന അംഗങ്ങളെ, അവരുടെ താലന്തുകൾ ഏറ്റവും യോജിക്കുന്ന വിധത്തിൽ ഉപയോഗിക്കുവാൻ അനുവദിക്കയാണ് ചെയ്യുന്നത്. അതു നന്നായി ചെയ്തു കഴിയുമ്പോൾ, നിയോഗിക്കൽ കൂടുതൽ പ്രവൃത്തികൾ ചെയ്യുന്നതിനും അവ തൃപ്തികരമായി ചെയ്യുന്നതിനും ഇടയാക്കും. പ്രശ്നങ്ങൾ പലപ്പോഴും അത്തരം നിയോഗിക്കൽ മുഖാന്തരം പരിഹരിക്കാം.

### നിയോഗിക്കലിന്റെ "നിയമങ്ങൾ"

നിയോഗിക്കലിന്റെ വില ഉറപ്പു വരുത്തുവാൻ, സഭാദ്ധ്യക്ഷന്മാർ താഴെ കൊടുത്തിരിക്കുന്ന മാർഗ്ഗരേഖ സഹായത്തിനായി എടുക്കാം.

*ശരിയായ ആളുകളെ കൊണ്ടു ശരിയായ പ്രവൃത്തികൾ ചെയ്യിക്കുവാൻ നോക്കുന്നതു, ബുദ്ധിയുള്ള നിയോഗിക്കലാണ്.* ഒരു പ്രത്യേക ജോലിക്കു പ്രത്യേക കഴിവുകൾ ഉള്ള - താലന്തുള്ള ആളുകളെ തിരഞ്ഞെടുക്കണം. അതിനുപുറമെ, പ്രധാനപ്പെട്ടതുമായ കാര്യം, ഏല്പിച്ച ജോലികൾ വിശ്വസ്തതയോടെ ചെയ്യുന്ന *ആശ്രയിക്കത്തക്ക ആളുകളെ*; *ആത്മാർത്ഥതയുള്ള ആളുകളെ,* സത്യസന്ധരായ ആളുകളെ; *കഠിനാ - ദ്ധ്വാനമുള്ള ആളുകളെ*; കൂടാതെ എല്ലാറ്റിലുമുപരി, *ആത്മീയരായ ആളുകളെ* ആയിരിക്കണം തിരഞ്ഞെടുക്കേണ്ടത്. ക്രിസ്തുവിൽ സമർപ്പിക്കപ്പെടാത്തവരെ ഏല്പിക്കേണ്ടതിനു സഭയിലെ ഒരു നേതൃത്വസ്ഥാനവും ഐഹികമല്ല.

*ജോലി പൂർത്തിയാക്കുവാൻ വേണ്ട പരിശീലനം നല്കുക.* ശരിയായ ആളുകളെ തിരഞ്ഞെടുക്കുക എന്നാൽ പ്രത്യേക ജോലിക്കായി പരിശീലിക്കപ്പെട്ടവരെ അല്ലെങ്കിൽ താലന്തുള്ളവരെ നിയമിക്കുക, അല്ലെങ്കിൽ

ആ പ്രത്യേക ജോലിക്കു കഴിവുള്ളവരെ നിയമിക്കുക എന്നതാണ്. അവർക്കു ചില പരിശീലനം ലഭിച്ചിട്ടുണ്ടെങ്കിലും, കൂടുതൽ പരിശീലനത്തിനായി പ്രോത്സാഹിപ്പിക്കുക. ഉദാഹരണത്തിനു, യുവ നേതാക്കൾക്കും, ബൈബിൾ സ്കൂൾ അദ്ധ്യാപകർക്കും, കൂടാതെ ഗുണദോഷിക്കുവാൻ കഴിവുള്ള മറ്റു ക്രിസ്ത്യാനികൾക്ക് കൂടുതൽ പരിശീലനം ലഭിക്കേണ്ടതിനുമുള്ള ചെലവിനു വേണ്ട തുക നല്കുവാൻ സഭ തയ്യാറാകണം.

മറ്റുള്ളവരെ സഭാ പ്രവൃത്തികൾ ചെയ്യുവാൻ പരിശീലിക്കുന്നതു വഴി (അത്യന്താപേക്ഷിതമാക്കാതെ) സഭാദ്ധ്യക്ഷന്മാർക്ക് ഒഴിഞ്ഞു നില്ക്കാൻ സാധിക്കുന്നതായിരിക്കണം അവരുടെ ലക്ഷ്യം. എല്ലാ വിധത്തിലുള്ള വേലക്കാർക്കും പൗലൊസ് തിമൊഥെയൊസിനു നല്കുന്ന നിർദ്ദേശങ്ങൾ പ്രായോഗികമാക്കാം: "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം ... മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക" (2 തിമൊഥെയൊസ് 2:2; ആർ എസ്‌വി). "ഗുണദോഷിക്കൽ സംബന്ധിച്ചു ... അല്ലെങ്കിൽ ബൈബിൾ സ്കൂൾ നടത്തുവാൻ ... അല്ലെങ്കിൽ ഉപദേശിക്കുവാൻ ... അല്ലെങ്കിൽ ഖജാൻജിയായി പ്രവർത്തിക്കുവാൻ നീ കേട്ടു പഠിച്ചതെല്ലാം ... വിശ്വസ്തരായവരെ ഭരമേല്പിച്ചാൽ, അവർ അതു ചെയ്യുകയും മറ്റുള്ളവരെ അതു നന്നായി ചെയ്യുവാൻ പഠിപ്പിക്കയും ചെയ്യും." ഈ സമീപനമുണ്ടെങ്കിൽ, സഭ തുടർച്ചയായി സമൃദ്ധി പ്രാപിക്കും.

*ശരിയായ അധികാരവും, മതിയായ പണവും, വ്യക്തമായ പരിമിതികളും നല്കുക.* മറ്റുള്ളവരിൽ ഭരമേല്പിക്കുന്ന ജോലികൾ വിശദമാക്കുക. പിന്നെ പ്രവൃത്തി പൂർത്തിയാക്കുവാൻ വേണ്ട പണം നല്കുകയും ഓരോ പ്രോഗ്രാമും നടത്തുവാൻ നിശ്ചയിച്ചവർക്കു വേണ്ട "അധികാരവും" നിയോഗിക്കുക. പരിധികൾ മനസ്സിലാക്കി അതിനുള്ളിൽ നിന്നുകൊണ്ട്, ജോലിയുടെ ഉത്തരവാദിത്വം ഏൽപ്പിച്ചിരിക്കുന്നയാളിന്, തീരുമാനങ്ങൾ എടുക്കുവാനും, ആവശ്യമുള്ള സാധനങ്ങൾ വാങ്ങുവാനും, കൂടാതെ, പൊതുവിൽ, അയാളുടെ കഴിവിന്റെ പരമാവധി ചെയ്യുവാനും അധികാരമുണ്ട്. അധികാരമില്ലാതിരുന്നാൽ ഉത്തരവാദിത്വം പരാജയപ്പെടാം.

*മേൽനോട്ടം കൊടുക്കുക.* മിക്ക കാര്യങ്ങളിലും, പ്രവൃത്തിയുടെ യഥാർത്ഥ പ്രോഗ്രാമുകൾ, മേൽനോട്ടം വഹിക്കുവാൻ ആരെങ്കിലുമുണ്ടാകുമെങ്കിലും, ഇടവകയുടെ അദ്ധ്യക്ഷന്മാരായ - മൂപ്പന്മാർ, ഉണ്ടെങ്കിൽ - അവർക്കാണ് "മേൽനോട്ടക്കാരെ മേൽനോട്ടം വഹിക്കേണ്ട" ചുമതല. ആരെയെങ്കിലും ഒരു ജോലി ഏല്പിച്ചിട്ടു പിന്നെ അതിൽ എത്തിനോക്കാതിരിക്കുന്നതല്ല നിയോഗിക്കൽ. മറിച്ചു, ഉത്തരവാദിത്വം ഭരമേല്പിക്കുമ്പോൾ, എന്തെല്ലാം ചെയ്യണമെന്നു പറഞ്ഞുകൊടുത്തുകൊണ്ടിരിക്കണം. വിവിധ രീതിയിൽ മേൽനോട്ടക്കാരനെ സഹായിക്കുവാൻ ഒരുങ്ങണം: ഉദാഹരണമായി, പ്രോത്സാഹനത്തിൽ, നിർദ്ദേശത്തിൽ, അല്ലെങ്കിൽ തിരുത്തലിൽ. അയാളുടെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾക്കും, അയാളുടെ താല്പര്യം ജ്വലിപ്പിക്കുവാനും, വിശ്വാസം വളർത്തുവാനും, ആത്മവിശ്വാസം പുനസ്ഥാപിക്കയും ചെയ്യുന്നതിനു, ആവശ്യപ്പെടുന്നതു

എന്തും നല്കുവാൻ ശ്രമിക്കുക. മേൽനോട്ടക്കാരെ ഏർപ്പെടുത്തുമ്പോൾ, അവർ മേൽനോട്ടം നടത്തേണ്ടവരോട് ഇടപെടേണ്ട മാതൃക അവർക്കു കാണിച്ചു കൊടുക്കണം.

*കണക്കു കൊടുക്കൽ ആവശ്യമാണ്.* ഉത്തരവാദിത്വം എവിടെയുണ്ടോ, അവിടെ കണക്കുകൊടുക്കേണ്ടതുമുണ്ട്. പ്രോഗ്രാം ഏറ്റെടുത്തവർ അവർ അതു എങ്ങനെ എത്ര നന്നായി ചെയ്തു അല്ലെങ്കിൽ ചെയ്തില്ല എന്നു സഭയ്ക്കു കണക്കു കൊടുക്കണം. പ്രോഗ്രാം ചെയ്യുവാൻ ഏറ്റെടുക്കുന്നവർ ആദ്യം തന്നെ തങ്ങൾ കണക്കു കൊടുക്കേണ്ടവരാണെന്നും തങ്ങളുടെ കാര്യ നിർവ്വഹണത്തിനു ഒരു നാൾ കണക്കു ബോധിപ്പിക്കേണ്ടി വരും എന്നറിഞ്ഞു പ്രവർത്തിക്കണം. തുടർച്ചയായ മേൽനോട്ടം കണക്കുകൊടുക്കേണ്ട ഉത്തരവാദിത്വത്തെ സ്ഥിരമായി ഓർമ്മിപ്പിക്കുകയാണ്.

## വിലയിരുത്തൽ

സഭാദ്ധ്യക്ഷന്മാർ പ്രോഗ്രാമുകളെ തുടർച്ചയായി വിലയിരുത്തേണ്ടത് സഭയ്ക്ക് ആവശ്യമാണ്. ഒരു പ്രോഗ്രാം പ്രതീക്ഷക്കൊത്ത് ഉയർന്നില്ലെങ്കിൽ, അതെന്തുകൊണ്ടാണെന്നു അവർ കണ്ടെത്തണം. ആ പ്രശ്നം പരിഹരിക്കുവാൻ കഴിയുമോ? ഈ സാഹചര്യത്തിൽ മാത്രം പ്രായോഗികമല്ലാത്ത രീതിയാണോ ഇത്? ക്രിസ്ത്യാനികൾക്ക് മാറ്റമില്ലാത്ത സന്ദേശം ഉണ്ടെങ്കിലും, രീതികൾ എപ്പോഴും മാറ്റത്തിനു വിധേയമാകുന്നു എന്ന്, ബുദ്ധിയുള്ള അദ്ധ്യക്ഷന്മാർക്ക് അറിയാം. ഒരു തവണ പ്രയോഗത്തിൽ വരുത്തിയ രീതി മറ്റൊരു തവണ പ്രായോഗികമാകണമെന്നില്ല. സഭ അതിന്റെ ദൗത്യ നിർവ്വഹണത്തിൽ എപ്പോഴാണ് മാറ്റം വരുത്തേണ്ടത് എന്ന് അദ്ധ്യക്ഷന്മാർ മനസ്സിലാക്കിയിരിക്കണം.

## ഉപസംഹാരം

സഭയുടെ വേലയുടെ നടത്തിപ്പു എങ്ങനെയാണ് വിലയിരുത്തേണ്ടത്? ഒരർത്ഥത്തിൽ, ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നവർ വിലയിരുത്തുന്നതുപോലെയാണ് വിലയിരുത്തേണ്ടത് - അതിന്റെ ഫലത്താൽ. ഒരു ബിസിനസ് അതിന്റെ നടത്തിപ്പുകാരോടു, "എന്താണ് 'അടിവര'? നാം ലാഭം ഉണ്ടാക്കിയോ?" എന്ന് ചോദിക്കും. അങ്ങനെയെങ്കിൽ, നടത്തിപ്പു നന്നായിരുന്നു; ഇല്ലെങ്കിൽ, നടത്തിപ്പു മോശമായിരുന്നു.

മേൽ നോട്ടം നടത്തുന്നവരോടു സഭ ചോദിക്കണം, "ആളുകൾ രക്ഷിക്കപ്പെട്ടോ? രക്ഷിക്കപ്പെട്ടവർക്കു ആത്മിക വർദ്ധനവുണ്ടായോ? ദൈവത്തെ പുകഴ്ത്തുകയും മഹത്വപ്പെടുത്തുകയും ചെയ്തോ?" മറ്റൊരർത്ഥത്തിൽ, ഓരോ ആത്മാവും വിലയുള്ളതാകയാൽ, സഭക്കു ചോദിക്കാം, "ഡെബ്ബി പരിവർത്തനം ചെയ്യുകയും, അവൾ ശരീരത്തിന്റെ ഭാഗമായി തീരുകയും ചെയ്തോ?"; "റ്റോം ഒരു വർഷം മുൻപു ആയിരുന്നതിനേക്കാൾ അധികം ഇപ്പോൾ വിശ്വസ്തനായോ?"; "നാം സൂസിയുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് അവളെ കർത്താവിനോടു കൂടുതൽ അടുക്കുവാൻ സഹായിച്ചോ?"

സഭയുടെ പ്രവൃത്തികൾ ഫലപ്രദമായി നടപ്പാക്കുന്നതു മാത്രമല്ല

ഭരമേല്പിക്കപ്പെട്ടവരുടെ ഉത്തരവാദിത്വം. അവരോടൊപ്പം പ്രവർത്തിക്കുന്നവരോടും അവർക്ക് ഉത്തരവാദിത്വമുണ്ട്. ആത്മിയ വളർച്ചക്കുള്ള അവസരമാണു തങ്ങൾ ചെയ്യുന്ന പ്രവൃത്തിയിൽ ഉള്ളത് എന്നു അവർ മനസ്സിലാക്കണം. വിശക്കുന്നവനു ആഹാരം കൊടുക്കുവാനുള്ള പദ്ധതി, ഉദാഹരണമായി, അതു ചിലരുടെ വയറു നിറയ്ക്കുവാൻ മാത്രമല്ല, ആ പ്രോഗ്രാമിൽ ഏർപ്പെട്ടിരിക്കുന്ന ക്രിസ്ത്യാനികൾക്ക് അവർ കൂടുതൽ ക്രിസ്തുവിനെ പോലെ ആകുവാനുള്ള ഒരു മാർഗ്ഗവുമായി തീരണം. പ്രോഗ്രാം നടത്തുന്നത് ഒരു "സ്ലേവ് – ഡ്രൈവറാണെങ്കിൽ," അല്ലെങ്കിൽ അയാൾ തന്റെ സഹപ്രവർത്തകരെ ചെറുതാക്കുന്നുവെങ്കിൽ, ആ പ്രോഗ്രാം സഭയ്ക്കു സഹായകരമാകുന്നതിനു പകരം ഇടർച്ചയാണുണ്ടാക്കുന്നത്.

സഭയുടെ ഏതെങ്കിലും പ്രോഗ്രാം മേൽനോട്ടം വഹിക്കുന്ന അദ്ധ്യക്ഷൻ, അയാൾ ബൈബിൾ സ്കൂളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകനോ അല്ലെങ്കിൽ കെട്ടിടം വൃത്തിയാക്കുന്ന ആളായാലും, സഭയുടെ അന്തിമ ലക്ഷ്യം മനസ്സിൽ സൂക്ഷിക്കണം. ഏതെങ്കിലും ക്രിസ്ത്യാനിയായ ഒരു വ്യക്തി ക്രിസ്തുവിനോടു അടുക്കുന്നതിനു പകരം, ക്രിസ്തുവിൽ നിന്നു അകന്നു പോകും വിധത്തിൽ അനാവശ്യ ഇടർച്ച വരുത്തുന്നു എങ്കിൽ അയാൾ ആ പ്രവൃത്തി വിജയകരമാ*യിട്ടല്ല* നടത്തിയതു എന്നു സ്പഷ്ടം.

---

ആരോ പറഞ്ഞതു ശരിയാണ്, "വിചാരവും ഉത്കണ്ഠയും കൊണ്ടു നിങ്ങൾക്കു മടിപ്പുണ്ടാകുമ്പോൾ, നിങ്ങളുടെ വിശ്വാസത്തെ ഉയർത്തേണ്ട സമയമാണത്."

© 2009 Truth for Today